47

## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 157

07.12.2015 - ൽ
മറുപടിയ്ക്ക്

## പോലീസിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.സി വിഷ്ണുനാഥ്<br>ശ്രീ. സി. പി മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ലോക്കൽ പോലീസിലെയും, ആംഡ് റിസർവ്വിലെയും മൊത്തം അംഗബലത്തിന്റെ 10 ശതമാനമായി വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരള പോലീസിലെ വനിതാ പ്രാതിനിധ്യം 6 ശതമാനത്തിൽ താഴെയായിരുന്നു. തുടർന്ന് പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 25.08.2014 ലെ സർക്കാർ ഉത്തരവ് (കൈ)നം.169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതുവഴി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ പരാതികൾ പറയുന്നതിന് ഏറെ സഹായകമായി തീരുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിച്ചു കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ പോലീസ് സദാ ജാഗരൂകരായിരിക്കേണ്ടതും, സ്ത്രീകളുടെ |

| | | |
|---|---|---|
| | | സാന്നിദ്ധ്യം ഉള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് പൊതുസ്ഥലങ്ങൾ, തീരപ്രദേശങ്ങൾ, റെയിൽവെ സ്റ്റേഷനുകൾ, ആരാധാനാലയങ്ങൾ എന്നിവിടങ്ങൾ രാത്രി വൈകിയും നിരീക്ഷണ വിധേയമാക്കുന്നതിനും വനിതാ പോലീസ് സേനാംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചു വരുന്നത്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി 25.08.2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും, 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ പി.എസ്.സി-യിൽ നിന്നും ലഭിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. പുതുതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 8 വനിതാ പോലീസ് സ്റ്റേഷുകളുടെ ചുമതല വനിതാ സബ് ഇൻസ്പെക്ടർമാർക്കാണ്. |

**സെക്ഷൻ ഓഫീസർ**